പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 451 06.02.2013 -ലെ മറുപടി

## ഡീസൽ വില വർദ്ധന

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനവിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഡീസൽ വില വർദ്ധനവിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | വെട്ടിക്കുറച്ച സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി.യെ ഡീസൽ വില വർദ്ധനയിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യെ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഡീസൽ വില വർദ്ധനവിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം - പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്.<br>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും, കെ.എസ്.ആർ.ടി.സി ബസുകളിൽ ഡീസൽ നിറയ്ക്കുന്നതിന്റെ പ്രയോഗികത പരിശോ ധിച്ച് ശുപാർശകൾ മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവിനെ തുടർന്നുള്ള കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കു വാൻ താത്ക്കാലികമായി രണ്ടു മാസത്തേക്ക് 28 കോടി രൂപ സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ